REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-10-2023 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പ് തിയതി തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു.**
- **സംസ്ഥാനത്തെ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികൾ ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന പരിപാടിക്ക് തുടക്കമായി.**
- **പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ ആദ്യ അദാലത്ത് തിരുവനന്തപുരത്ത് ആരംഭിച്ചു.**
- **16-ാമത് കാർഷിക ശാസ്ത്ര കോൺഗ്രസിന് നാളെ കൊച്ചിയിൽ തുടക്കമാകും.**
- **ICC ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് നെതർലാന്റ്സ് - ന്യൂസിലാന്റിനെ നേരിടും.**

## വാർത്തകൾ വിശദമായി

മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളും സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന പരിപാടിക്ക് തുടക്കമായി. രാവിലെ എറണാകുളം കോതമംഗലം താലൂക്ക് ആശുപത്രിയിലായിരുന്നു ആദ്യ സന്ദർശനം. പരിപാടി ഒക്ടോബർ അവസാനത്തോടെ പൂർത്തിയാക്കും.

എല്ലാ ദിവസവും എംഎൽഎമാർ ഉൾപ്പെടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അവലോകന യോഗം നടത്തുമെന്നും മന്ത്രി അറിയിച്ചു. ജനകീയ

പങ്കാളിത്തത്തോടെ ആർദ്രം മിഷൻ ലക്ഷ്യങ്ങൾ പൂർണമായി യാഥാർത്ഥ്യമാക്കാനാണ് പരിശ്രമിക്കുന്നത് എന്നും വീണാ ജോർജ് ഫേസ്ബുക് പോസ്റ്റിൽ അറിയിച്ചു.

✪✪✪

പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മന്ത്രി കെ രാജന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ തല അദാലത്തിന് തുടക്കമായി.

ആദ്യ അദാലത്ത് തിരുവനന്തപുരത്താണ്. ദീർഘകാലമായി പരിഹരിക്കാത്ത വിഷയങ്ങൾ അദാലത്തിൽ പരിഹരിച്ച് പട്ടയം നൽകും. 14 ജില്ലകളിലും ഓരോ ദിവസവും അദാലത്ത് നടത്തും.

സംസ്ഥാനത്ത് പട്ടയം ലഭിക്കാത്ത മുഴുവൻ പേർക്കും പട്ടയം നൽകുക എന്ന ലക്ഷ്യത്തോടെ പട്ടയ മിഷൻ ഈ വർഷം ആരംഭിച്ചിരുന്നു.

✪✪✪

16-ാമത് കാർഷിക ശാസ്ത്ര കോൺഗ്രസിന് നാളെ കൊച്ചിയിൽ തുടക്കമാകും. ഉച്ച കഴിഞ്ഞ് മൂന്നിന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല ഉദ്ഘാടനം ചെയ്യും. മന്ത്രി P.പ്രസാദ് ചടങ്ങിൽ അധ്യക്ഷനാവും. ഹൈബി ഈഡൻ M.P-യും ചടങ്ങിൽ പങ്കെടുക്കും.

വിദേശത്തുനിന്നും ഉൾപ്പെടെ കൃഷി - അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന 1,500 ഓളം പേർ കോൺഗ്രസിൽ പങ്കെടുക്കും.

✪✪✪

എല്ലാ സംസ്ഥാനങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാർമാരുടെ ഓഫീസുകളും 1,851 കാർഷിക ഗ്രാമവികസന ബാങ്കുകളും കമ്പ്യൂട്ടർവത്കരിക്കാനും ശാക്തീകരിക്കാനും കേന്ദ്ര സഹകരണ മന്ത്രാലയം തീരുമാനിച്ചു. 13 സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കമ്പ്യൂട്ടർവത്കരണ മാതൃകയിലാണ് ഇത് നടപ്പാക്കുന്നത്.

✪✪✪

ഇന്ന് ലോക തപാൽ ദിനം. 1874-ൽ സ്വിസ് തലസ്ഥാനമായ ബേണിൽ യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ സ്ഥാപിതമായതിന്റെ വാർഷികമാണ് ഇന്ന്. 1969-ൽ ജപ്പാനിലെ ടോക്യോവിൽ ചേർന്ന അന്താരാഷ്ട്ര തപാൽ യൂണിയന്റെ ആഹ്വാന പ്രകാരമാണ് തപാൽ ദിനം ആചരിക്കുന്നത്.

ഒന്നിക്കാം നല്ല നാളേയ്ക്ക് എന്നതാണ് ഈ വർഷത്തെ ലോക തപാൽ ദിന സന്ദേശം.

നാളെയാണ് ദേശീയ തപാൽ ദിനം.

✪✪✪

ഹമാസുമായുണ്ടായ ഏറ്റുമുട്ടലിൽ മരിച്ച ഇസ്രായേലികളുടെ എണ്ണം ആയിരം കവിഞ്ഞു, ഇസ്രായേലിൽ 700 ഓളം പേരും ഗാസയിൽ 400 ഓളം പേരും മരിച്ചതായാണ് റിപ്പോർട്ട്. പരിക്കേറ്റവരുടെ എണ്ണം 2,100 ലേറെയാണ്. സംഘർഷം തുടരുന്നതിനാൽ മരണസംഖ്യ ഇനിയും ഉയർന്നേക്കും. ഹമാസ് 100 ഇസ്രായേലികളെയെങ്കിലും ബന്ദികളാക്കിയതായും അധികൃതർ സ്ഥിരീകരിച്ചു. ഹമാസും ഇസ്രയേലി സുരക്ഷാ ഉദ്യോഗസ്ഥരും തമ്മിൽ പലയിടത്തും ഇപ്പോഴും ഏറ്റുമുട്ടൽ തുടരുകയാണ്.

അതേസമയം, പലസ്തീൻ തീവ്രവാദ സംഘടനയായ ഹമാസിന്റെ ആക്രമണത്തിന് മറുപടിയായി അമേരിക്ക ഇസ്രായേലിന് ആയുധങ്ങളും ഉപകരണങ്ങളും നൽകുമെന്നും മിഡിൽ ഈസ്റ്റിൽ അമേരിക്കൻ സേനയെ ശക്തിപ്പെടുത്തുമെന്നും പെന്റഗൺ അറിയിച്ചു.

✪✪✪

എയർ ഇന്ത്യ ടെൽ അവീവിലേക്കും തിരിച്ചും വിമാന സർവ്വീസുകൾ ഈ മാസം 14 വരെ റദ്ദാക്കി. ഇസ്രായേൽ - ഹമാസ് ഏറ്റുമുട്ടലിന്റെ സാഹചര്യത്തിൽ യാത്രക്കാരുടെയും വിമാന ജീവനക്കാരുടെയും സുരക്ഷ മുൻനിർത്തിയാണ് നടപടി. ടിക്കറ്റ് ബുക്ക് ചെയ്ത യാത്രക്കാർക്ക് എല്ലാ സഹായവും നൽകുമെന്നും എയർ ഇന്ത്യ അറിയിച്ചു.

✪✪✪

കോട്ടയം പാമ്പാടിയിൽ നിർമിച്ച അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് നാളെ മന്ത്രി ഡോ. R. ബിന്ദു നാടിനു സമർപ്പിക്കും. രാജ്യത്തെ പ്രമുഖ വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് ദേശീയ-അന്തർദേശീയ നിലവാര കോഴ്സുകളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകാൻ ലക്ഷ്യമിട്ടാണ് പാർക്ക് സജ്ജമാക്കിയത്. 14 കോടി 68 ലക്ഷം രൂപ ചെലവിൽ ഇതിനായി കെട്ടിടം ഒരുക്കിയിട്ടുണ്ട്.

✪✪✪

മത്സ്യ തൊഴിലാളികൾക്കിടയിൽ അപകടങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പിലാക്കുമെന്ന് മന്ത്രി

സജി ചെറിയാൻ പറഞ്ഞു. അപകടകരമായ മത്സ്യബന്ധനത്തിന് നിയന്ത്രണം കൊണ്ടുവരുമെന്നും അദ്ദേഹം കൊച്ചിയിൽ അറിയിച്ചു. ഇൻഷുറൻസ് പദ്ധതികളിൽ ചേരാനും ലൈഫ് ജാക്കറ്റുകൾ ഉപയോഗിക്കാനും മത്സ്യത്തൊഴിലാളികൾ തയ്യാറാകുന്നില്ലെന്ന് മന്ത്രി പറഞ്ഞു.

മുനമ്പത്ത് മരിച്ച മത്സ്യത്തൊഴിലാളികളുടെ വീടുകൾ അദ്ദേഹം സന്ദർശിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 10,000 രൂപ നൽകുമെന്ന് മന്ത്രി പറഞ്ഞു. മറ്റ് സഹായങ്ങൾ ഗവൺമെന്റുമായി ആലോചിച്ച് തീരുമാനിക്കും.

✪✪✪

കണ്ണൂർ ഏഴോത്ത് നടപ്പാക്കുന്ന ഏഴിലം ടൂറിസം വികസന പദ്ധതികൾ നാളെ രാവിലെ മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഏഴോം സർവീസ് സഹകരണ ബാങ്ക്, പ്രവാസി സംഘടനയായ വേക്ക് എന്നിവ ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

ബേപ്പൂർ ഹൈ ടൈഡ് സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ മണ്ഡലം പദ്ധതിയുടെ ഭാഗമായി ഡിസബിലിറ്റി മെഡിക്കൽ ബോർഡ് സർട്ടിഫിക്കേഷൻ ക്യാമ്പും U.D. ഐ.ഡി കാർഡ് വിതരണവും ഉച്ചയ്ക്ക് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഭിന്നശേഷി സർട്ടിഫിക്കേഷൻ ക്യാമ്പും പരിശോധനകളും രാവിലെ ആരംഭിച്ചു.

✪✪✪

19-ാമത് ഏഷ്യൻ ഗെയിംസ് ചൈനയിലെ ഹാങ്ജോവിൽ സമാപിച്ചു. ജപ്പാനിലെ നഗോയ-യിൽ 2026-ലെ അടുത്ത ഏഷ്യൻ ഗെയിംസിന് സമാപന ചടങ്ങിൽ ബാറ്റൺ കൈമാറി.

ഒളിമ്പിക് കൗൺസിൽ ഓഫ് ഏഷ്യയുടെ ഇടക്കാല പ്രസിഡന്റ് രാജാ രൺധീർ സിംഗ് ആദ്യ ഏഷ്യൻ ഗെയിംസ് പതാകയും ഇപ്പോഴത്തെ പതാകയും ദീപ ശിഖയും ജാപ്പനീസ് ടീമിന് കൈമാറി.

✪✪✪

ICC ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് നെതർലാന്റ്സ് - ന്യൂസിലാന്റിനെ നേരിടും. ഹൈദരാബാദിൽ ഉച്ചയ്ക്ക് രണ്ടിന് രാജീവ് ഗാന്ധി അന്തർദേശീയ സ്റ്റേഡിയത്തിലാണ് മത്സരം.

ഇന്നലത്തെ മത്സരത്തിൽ ഇന്ത്യ ഓസ്ട്രേലിയയെ ആറ് വിക്കറ്റിന് തകർത്തു. 200 റൺസ് വിജയലക്ഷ്യവുമായി രണ്ടാമതായി ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യ 41.2 ഓവറിൽ ലക്ഷ്യം മറികടക്കുകയായിരുന്നു.

✪✪✪

ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി. ഇന്നലെ മുംബൈയിൽ, മുംബൈ സിറ്റി FC യോട് ബ്ലാസ്റ്റേഴ്സ് ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് പരാജയപ്പെട്ടത്.

നാല് പോയിന്റുമായി കേരളാ ബ്ലാസ്റ്റേഴ്സ് ഇപ്പോൾ നാലാം സ്ഥാനത്താണ്.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബാൾ പ്രാഥമിക റൗണ്ട് മത്സരങ്ങളിൽ പങ്കെടുക്കാൻ കേരള ടീം ഗോവയിലെത്തി. മറ്റന്നാൾ ഗുജറാത്തുമായാണ് കേരളത്തിന്റെ ആദ്യമത്സരം. നിജോ ഗിൽബർട്ടാണ് നായകൻ.

✪✪✪

സമസ്തയുടെ മസ്തിഷ്ക്കം ലീഗിനൊപ്പമാണെന്ന് മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡണ്ട് സാദിഖലി ശിഹാബ് തങ്ങൾ. സമസ്തയിലെ ലീഗ് വിരുദ്ധർക്കെതിരെയാണ് സാദിഖലി തങ്ങളുടെ പ്രതികരണം.

✪✪✪

കേന്ദ്ര വിദ്യാഭ്യാസവകുപ്പ് സമഗ്ര ശിക്ഷ കേരളയുമായി ചേർന്ന് നടത്തുന്ന കലാഉത്സവിന്റെ ജില്ലാ തല മത്സരങ്ങൾ കോഴിക്കോട് ചാലപ്പുറം ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തി. ചിത്രരചന, ശില്പനിർമ്മാണം, തദ്ദേശീയ കളിപ്പാട്ട നിർമ്മാണം, പരമ്പരാഗത നാടോടി നൃത്തം, ശാസ്ത്രീയ നൃത്തം, നാടോടി സംഗീതം, ഉപകരണ സംഗീതം, ഏകാംഗ അഭിനയം എന്നീ ഇനങ്ങളിലെ ബ്ലോക്ക് തല വിജയികളാണ് ജില്ലാതല മത്സരത്തിൽ പങ്കെടുത്തത്. വിജയികൾ സംസ്ഥാന തലത്തിലും തുടർന്ന് അഖിലേന്ത്യ മത്സരങ്ങളിലും പങ്കെടുക്കും.

✪✪✪

മലപ്പുറം എടക്കര ഇരുട്ടുകുത്തി ആദിവാസി കോളനിയിലേക്ക് പാലം നിർമിക്കുന്നതിന് വനംവകുപ്പും മുണ്ടേരി ഫാമും അനുകൂല റിപ്പോർട്ട് സമർപ്പിച്ചു. പോത്തുകല്ല് പഞ്ചായത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെയാണ് ഇരുട്ടുകുത്തി കടവിൽ പാലം നിർമിക്കുന്നത്. ഇതിന് അഞ്ച് കോടി 76 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

✪✪✪

(ഇപ്പോൾ കിട്ടിയത്)

അഞ്ച് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് തിയ്യതി തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ പ്രഖ്യാപിച്ചു.

മിസോറാമിൽ നവംബർ ഏഴിനും രാജസ്ഥാനിൽ നവംബർ 23 നും , തെലങ്കാനയിൽ നവംബർ 30 നും മധ്യപ്രദേശിൽ നവംബർ 17 നുമാണ് തെരഞ്ഞെടുപ്പ്.

നവംബർ 7നും 17 നുമായി ഛത്തീസ്ഗഡിൽ രണ്ട് ഘട്ടങ്ങളായാണ് തെരഞ്ഞെടുപ്പ് നടക്കുക.

ഡിസംബർ 3 നാണ് വോട്ടെണ്ണൽ.

✪✪✪

കോഴിക്കോട് കോർപ്പറേഷന്റെ അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ഇന്നലെ ഉണ്ടായ തീപിടുത്തവുമായി ബന്ധപ്പെട്ട് വെള്ളയിൽ പോലീസ് കേസെടുത്തു. സംഭവത്തെ കുറിച്ച് അന്വേഷണം ആവശ്യപ്പെട് കോഴിക്കോട് കോർപ്പറേഷൻ അധികൃതർ നൽകിയ പരാതിയിലാണ് കേസ് എടുത്തത്. സംഭവസ്ഥലത്ത് ഫോറൻസിക്ക് സംഘം പരിശോധന നടത്തും.

ഇന്നലെ രാവിലെയുണ്ടായ തീപിടുത്തം ഏറെ ശ്രമകരമായ ദൗത്യത്തിന് ശേഷമാണ് അണച്ചത്.

✪✪✪

കോഴിക്കോട് വെസ്റ്റ്ഹില്ലിലെ അജൈവ മാലിന്യ സംസ്കരണ കേന്ദ്രത്തിലെ തീപ്പിടുത്തത്തിൽ സമഗ്രാന്വേഷണം നടത്തണമെന്ന് കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ C.P മുസാഫിർ അഹമ്മദ് ആവശ്യപ്പെട്ടു.

തീപിടുത്തത്തിലെ ദുരൂഹത അന്വേഷിക്കണം എന്നാവശ്യപ്പെട്ട് BJP വൈകീട്ട് ജനകീയ പ്രതിഷേധം സംഘടിപ്പിക്കും. ആധുനിക മാലിന്യ സംസ്കരണത്തിന് കേന്ദ്ര ഫണ്ട് കൈപ്പറ്റിയിട്ടും പഴയ കാല രീതിയിലാണ് മാലിന്യങ്ങൾ സംസ്കരിക്കുന്നതെന്ന് സ്ഥലം സന്ദർശിച്ച BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ചിലയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. വ്യഴാഴ്ച വരെ വിവിധ ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും  നാളെ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലും മറ്റന്നാൾ എറണാകുളം, ഇടുക്കി ജില്ലകളിലുമാണ് മഞ്ഞ ജാഗ്രതാ നിർദേശം.

✪✪✪

തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ശബരി എക്സ്പ്രസ് ബുധനാഴ്ചയും, വെള്ളി, ശനി ദിവസങ്ങളിലും ഒന്നര മണിക്കൂർ വൈകി ആയിരിക്കും യാത്ര പുറപ്പെടുകയെന്ന് റെയിൽവെ അറിയിച്ചു.  രാവിലെ 6.45-ന് പകരം 8.15-ന് ആയിരിക്കും ഈ ദിവസങ്ങളിൽ സർവ്വീസ് ആരംഭിക്കുന്നത്.

✪✪✪

കോഴിക്കോട് താമരശ്ശേരിയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ ഇരുചക്രവാഹന യാത്രക്കാരന് പരുക്കേറ്റു.  ഇയാട് സ്വദേശി റഫീഖിനാണ് പരുക്കേറ്റത്. ഇയാളെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

സ്വർണ വിലയിൽ വർദ്ധന. പവന് 160 രൂപ വർദ്ധിച്ച് 42,680 രൂപയാണ് ഇന്നത്തെ വില. ഗ്രാമിന് 5,335 രൂപയാണ്.

✪✪✪